©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20.

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, ശനി<br>Thiruvananthapuram, Saturday | 2018 ഡിസംബർ 15<br>15th December 2018<br>1194 വൃശ്ചികം 29<br>29th Vrischikam 1194<br>1940 അഗ്രഹായനം 24<br>24th Agrahayana 1940 | നമ്പർ<br>No. 3176 |

## കേരള സർക്കാർ

### റവന്യൂ (പി) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (പി) നമ്പർ 85/2018/റവന്യൂ.

*തിരുവനന്തപുരം, 2018 ഡിസംബർ 15*
1194 വൃശ്ചികം 29
1940 അഗ്രഹായനം 24.

**എസ്. ആർ. ഒ. നമ്പർ 902/2018.**—2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിലെ (2008-ലെ 28) 30-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, 2008 ഡിസംബർ 24-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 443/2008/റവന്യൂ പ്രകാരം പുറപ്പെടുവിച്ചതും 2008 ഡിസംബർ 24-ാം തീയതിയിലെ 2743-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 1255/2008 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുവേണ്ടി, കേരള സർക്കാർ, ഇതിനാൽ താഴെപ്പറയും പ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2018.

33/4682/2018/S-11.

## ചട്ടങ്ങൾ

1. <u>ചുരുക്കപ്പേരും പ്രാരംഭവും.</u>—(1) ഈ ചട്ടങ്ങൾക്ക് 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങൾ എന്നു പേരു പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>ചട്ടങ്ങളുടെ ഭേദഗതി.</u>—(1) 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ 2-ാം ചട്ടം (1)-ാം ഉപചട്ടം (ഡി) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(ഇ) "അടിസ്ഥാന നികുതി രജിസ്റ്റർ" എന്നതിൽ അടങ്കലും സെറ്റിൽമെന്റ് രജിസ്റ്ററും സപ്ലിമെന്ററി അടിസ്ഥാന നികുതി രജിസ്റ്ററും ഉൾപ്പെടുന്നതാണ്;

(എഫ്) "ഡാറ്റാ ബാങ്ക്" എന്നാൽ ആക്റ്റിലെ 5-ാം വകുപ്പ് (4)-ാം ഉപവകുപ്പ് (i) ഖണ്ഡപ്രകാരം തയ്യാറാക്കുന്ന നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും ഡാറ്റാ ബാങ്ക് എന്നർത്ഥമാകുന്നു;

(ജി) "യോഗ്യത നേടിയ സർവ്വേയർ" എന്നതിൽ സംസ്ഥാന സർക്കാർ സർവ്വീസിലുള്ള സർവ്വെയറും ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സർവ്വേ യോഗ്യതയുള്ള സർവ്വെയറും സർവ്വെ ആന്റ് ഭൂരേഖ വകുപ്പിൽനിന്നും ലൈസൻസ് നേടിയ സർവ്വെയറും ഉൾപ്പെടുന്നതാണ്;

(എച്ച്) "സ്കെച്ച്" എന്നാൽ യോഗ്യത നേടിയ സർവ്വേയറോ, വില്ലേജാഫീസറോ നിശ്ചിത സ്കെയിലിൽ തയ്യാറാക്കിയ ഭൂമിയുടെ സർവ്വെ നമ്പർ, വിസ്തീർണ്ണം, വശങ്ങളുടെ അളവുകൾ എന്നിവ ഉൾപ്പെട്ടുവരുന്ന സർവ്വെ പ്ലാൻ എന്നർത്ഥമാകുന്നു;

(ഐ) "തഹസിൽദാർ" എന്നാൽ ഭൂരേഖ തഹസിൽദാർ എന്നർത്ഥമാകുന്നു;

(ജെ) "വില്ലേജ് ഓഫീസർ" എന്നതിൽ സ്പെഷ്യൽ വില്ലേജ് ഓഫീസറും ഉൾപ്പെടുന്നതാണ്.

(2) 4-ാം ചട്ടത്തിൽ, (4)-ാം ഉപചട്ടത്തിനുപകരം താഴെപ്പറയുന്ന ഉപചട്ടങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(4) (2)-ാം ഉപചട്ടം (ബി) ഖണ്ഡപ്രകാരം അംഗീകരിച്ച നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും സർവ്വെ നമ്പരുകളും വിസ്തൃതിയുമടങ്ങിയ ഫാറം 4-ലെ ഡാറ്റാ ബാങ്ക്, സമിതി ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് അയച്ചുകൊടുക്കേണ്ടതും, സെക്രട്ടറി അത് ഒരു വിജ്ഞാപനമായി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്:

1553



എന്നാൽ, ഒന്നിലധികം കൃഷി ഭവനുകളുള്ള പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾ ഓരോ കൃഷി ഭവനും ഡാറ്റാ ബാങ്ക് പ്രത്യേകം തയ്യാറാക്കേണ്ടതും ഒന്നിച്ചോ പ്രത്യേകമായോ ആയത് ഗസറ്റിൽ വിജ്ഞാപനം ചെയ്യാവുന്നതുമാണ്.

(4എ) അപ്രകാരം ഗസറ്റിൽ പ്രസിദ്ധീകരിച്ച ഡാറ്റാബാങ്കിന്റെ പകർപ്പ് ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറി തങ്ങളുടെ ഓഫീസ് നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രദർശിപ്പിക്കേണ്ടതുമാണ്.

(4ബി) പ്രസ്തുത ഡാറ്റാ ബാങ്കിന്റെ രണ്ടു പകർപ്പുകൾ ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറി ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്കും കൃഷി ഓഫീസർക്കും അയച്ചുകൊടുക്കേണ്ടതാണ്.

(4സി) ബന്ധപ്പെട്ട വില്ലേജ് ഓഫീസറും കൃഷി ഓഫീസറും അപ്രകാരം ലഭിച്ചിട്ടുള്ള പകർപ്പുകളിലൊന്ന് പൊതുജനങ്ങളുടെ അറിവിലേക്കായി, തങ്ങളുടെ നോട്ടീസ് ബോർഡുകളിൽ പ്രദർശിപ്പിക്കേണ്ടതും അവയിൽ ഒന്ന് ഓഫീസിൽ ഭദ്രമായി സൂക്ഷിക്കേണ്ടതും ഏതെങ്കിലും ഭൂവുടമ ആവശ്യപ്പെടുന്നപക്ഷം, ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(4ഡി) അപ്രകാരം പ്രദർശിപ്പിച്ചിട്ടുള്ള ഡാറ്റാ ബാങ്കിലെ ഉള്ളടക്കങ്ങൾമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അത് സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ ഫാറം 5-ലുള്ള അപേക്ഷാ ഫാറത്തിൽ റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ സമർപ്പിക്കാവുന്നതും അപ്രകാരം ലഭിക്കുന്ന അപേക്ഷകൾക്ക് റവന്യൂ ഡിവിഷണൽ ഓഫീസർ കൈപ്പറ്റ് രസീത് നൽകേണ്ടതും അപ്രകാരമുള്ള അപേക്ഷകളെ സംബന്ധിച്ചുള്ള വിവരങ്ങൾ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

(4ഇ) (4ഡി) ഉപചട്ടത്തിൽ വ്യക്തമാക്കിയ പ്രകാരം ലഭിക്കുന്ന അപേക്ഷകൾ നെൽവയലുകളെ സംബന്ധിച്ചുള്ളതാണെങ്കിൽ ബന്ധപ്പെട്ട കൃഷി ഓഫീസർക്കും തണ്ണീർത്തടങ്ങളെ സംബന്ധിച്ചുള്ളതാണെങ്കിൽ ബന്ധപ്പെട്ട വില്ലേജാഫീസർക്കും റിപ്പോർട്ടിനായി അയച്ചുകൊടുക്കേണ്ടതും, അതത് സംഗതിപോലെ, കൃഷി ഓഫീസർ അല്ലെങ്കിൽ വില്ലേജ് ഓഫീസർ ഒരു മാസത്തിനകം അതിൻമേലുള്ള റിപ്പോർട്ട് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതുമാണ്.

(4എഫ്) (4ഇ) ഉപചട്ടപ്രകാരമുള്ള ഒരു റിപ്പോർട്ട് ലഭിച്ചതിനു ശേഷം, റവന്യൂ ഡിവിഷണൽ ഓഫീസർ, ഉചിതമാണെന്ന് കാണുന്നപക്ഷം, നേരിട്ട് പരിശോധന നടത്തിയോ കേന്ദ്ര സംസ്ഥാന ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ തയ്യാറാക്കിയ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടുകൂടിയോ ഡാറ്റാ ബാങ്കിലെ ഉള്ളടക്കങ്ങൾ പരിശോധിച്ച് അപേക്ഷയിൻമേൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.".

(3) 7-ാം ചട്ടത്തിനുശേഷം താഴെപ്പറയുന്ന ചട്ടങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"8. പിടിച്ചെടുത്ത കളിമണ്ണ്, മണൽ, മണ്ണ്, ഇഷ്ടിക, ടൈൽ, വാഹനങ്ങൾ/യാനങ്ങൾ തുടങ്ങിയവ കൈയൊഴിക്കുന്നതിനുള്ള നടപടിക്രമം.—(1) 20-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ജില്ലാ കളക്ടർ നിശ്ചയിക്കുന്ന പ്രകാരമുള്ള വിലയുടെ ഒന്നര മടങ്ങിന് തുല്യമായ തുക കെട്ടിവയ്ക്കുന്നതിന് ഉടമസ്ഥനോ അഥവാ സൂക്ഷിപ്പുകാരനോ തയ്യാറാകാത്തപക്ഷം പിടിച്ചെടുത്ത വസ്തുക്കൾ പൊതുലേലത്തിൽ വിൽപന നടത്തേണ്ടതാണ്. അപ്രകാരം വിൽപ്പന നടത്തേണ്ട വസ്തുക്കളുടെ വിശദവിവരങ്ങൾ അടങ്ങുന്ന ഒരു ലിസ്റ്റ് തയ്യാറാക്കി ജില്ലാ കളക്ടറുടെയോ ജില്ലാ കളക്ടർ അധികാരപ്പെടുത്തിയ ഡെപ്യൂട്ടി തഹസിൽദാർ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥന്റെയോ കൈയൊപ്പോടുകൂടി അപ്രകാരമുള്ള വസ്തുക്കൾ ലേലം ചെയ്തു വിൽക്കുന്ന സ്ഥലവും ദിവസവും സമയവും അപ്രകാരമുള്ള വസ്തുക്കൾ ലേലത്തിൽ വിൽക്കാൻ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്റെ പേരും പ്രസ്താവിച്ചിട്ടുള്ള ഒരു നോട്ടീസ് അപ്രകാരം ലേലം ചെയ്യുന്ന വസ്തുക്കളുടെ ലിസ്റ്റ് സഹിതം ജില്ലാ കളക്ടറുടെ കാര്യാലയത്തിലും ബന്ധപ്പെട്ട താലൂക്ക് ഓഫീസിലും വില്ലേജാഫീസിലും പരസ്യപ്പെടുത്തേണ്ടതും നോട്ടീസിന്റെ ഒരു പകർപ്പ്, അപ്രകാരമുള്ള വസ്തുക്കളുടെ ഉടമസ്ഥന് പ്രസ്തുത വസ്തുക്കൾ ലേലം ചെയ്യുവാൻ ഉദ്ദേശിച്ചിട്ടുള്ള തീയതിക്ക് കുറഞ്ഞത് മൂന്ന് ദിവസം മുമ്പെങ്കിലും നൽകേണ്ടതുമാണ്.

(2) പിടിച്ചെടുത്ത വസ്തുക്കൾ ലേലത്തിൽ വിൽപന നടത്തുന്ന ഉദ്യോഗസ്ഥന്, ആവശ്യമെന്നു തോന്നുന്നപക്ഷം, അപ്രകാരമുള്ള വസ്തുക്കൾ നിശ്ചിത സമയത്തും സ്ഥലത്തും ഒന്നോ അതിലധികമോ ഭാഗങ്ങളായി ലേലത്തിനു വയ്ക്കാവുന്നതും ഏറ്റവും കൂടിയ തുക വിളിക്കുന്ന ആൾക്ക് പ്രസ്തുത വസ്തുക്കളുടെ വിൽപന നടത്തേണ്ടതുമാണ്.

(3) ലേലത്തിൽ വിൽപന നടത്തിയിട്ടുള്ള, പിടിച്ചെടുക്കപ്പെട്ട വസ്തുക്കളുടെ വില രൊക്കം പണമായി നൽകേണ്ടതും, പ്രസ്തുത തുക രൊക്കം പണമായി നൽകുന്നതുവരെ വസ്തുവിന്റെ യാതൊരു ഭാഗവും കൊണ്ടുപോകുവാൻ വാങ്ങുന്ന ആളിനെ അനുവദിക്കാൻ പാടില്ലാത്തതുമാകുന്നു. വാങ്ങുന്ന ആൾ ക്രയവില നൽകാൻ വീഴ്ച വരുത്തുന്നപക്ഷം അപ്രകാരമുള്ള വസ്തുക്കൾ ഉടൻതന്നെ വീണ്ടും വിൽക്കേണ്ടതും അതിൽ നിന്നുണ്ടാകുന്ന ഏതെങ്കിലും നഷ്ടത്തിനും വീണ്ടും വിൽപന നടത്തുന്നത് കാരണമായി ഉണ്ടാകുന്ന ഏതെങ്കിലും നഷ്ടത്തിനും വീണ്ടും വിൽപന നടത്തുന്നതു കൊണ്ടുണ്ടാകുന്ന ചെലവിനും അപ്രകാരം വീഴ്ച വരുത്തുന്ന വാങ്ങുന്ന ആൾ ഉത്തരവാദിയായിരിക്കുന്നതുമാണ്.

1555



(4) പിടിച്ചെടുത്ത വസ്തുക്കൾ ലേലത്തിൽ വാങ്ങുന്ന ആൾ മുഴുവൻ തുകയും അടയ്ക്കുന്നപക്ഷം അധികാരപ്പെട്ട ഉദ്യോഗസ്ഥൻ തുക സ്വീകരിച്ച് അതിലേക്കായി രസീത് നൽകേണ്ടതും അപ്രകാരമുള്ള വസ്തുക്കളുടെ തരവും അളവും രേഖപ്പെടുത്തി, അപ്രകാരമുള്ള ഉദ്യോഗസ്ഥൻ ഒപ്പിട്ട്, പേരും ഉദ്യോഗപ്പേരും അടങ്ങിയ മുദ്ര വച്ച് തീയതി രേഖപ്പെടുത്തിയ ക്രയസർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

9. സംസ്ഥാനതല സമിതിയിൽനിന്നും റിപ്പോർട്ട് ലഭിക്കാത്തപക്ഷം റിപ്പോർട്ട് ആവശ്യപ്പെടാവുന്ന മറ്റ് അധികാരസ്ഥാനങ്ങൾ.—10-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം, സംസ്ഥാനതല സമിതി മൂന്ന് മാസത്തിനകം സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കാതിരിക്കുന്നപക്ഷം, സർക്കാരിന്, മലബാർ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാന്റ് സയൻസസ്, കോഴിക്കോട്, കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്, തിരുവനന്തപുരം, സെന്റർ ഫോർ വാട്ടർ റിസോർസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ്, കോഴിക്കോട്, നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, തിരുവനന്തപുരം, റീജിയണൽ അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷൻ, പട്ടാമ്പി എന്നീ സ്ഥാപനങ്ങളിൽ ഏതെങ്കിലും ഒന്നിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെടാവുന്നതാണ്.

10. തരിശു നെൽവയൽ കൃഷി ചെയ്യിക്കുന്നതു സംബന്ധിച്ച ചെലവുകൾ നിർണ്ണയിക്കുന്നത്.—(1) 16-ാം വകുപ്പ് (3ജി) ഉപവകുപ്പിന്റെ ഒന്നാം ക്ലിപ്തനിബന്ധനയിൽ വ്യക്തമാക്കിയിരിക്കുന്ന "മറ്റു തുക" എന്നതിൽ 1968-ലെ കേരള റവന്യൂ റിക്കവറി ആക്റ്റിന്റെ 2-ാം വകുപ്പ് (ജെ) ഖണ്ഡത്തിൽ നിർവ്വചിച്ചിട്ടുള്ള ചെലവുകൾ മാത്രം ഉൾപ്പെടുന്നതാണ്.

(2) ആക്റ്റിലെ 16-ാം വകുപ്പ് (3ജി) ഉപവകുപ്പിന്റെ ഒന്നാം ക്ലിപ്തനിബന്ധനയിൽ വ്യക്തമാക്കിയിരിക്കുന്ന, നെൽകൃഷിക്ക് വേണ്ടിവരുന്ന ചെലവ് ജില്ലാ കളക്ടർ ഓരോ വർഷവും വിജ്ഞാപനമായി പ്രസിദ്ധപ്പെടുത്തേണ്ടതാണ്. അപ്രകാരം ചെലവ് നിശ്ചയിക്കുമ്പോൾ തൊഴിലാളികളുടെ വേതനം, കൃഷിക്കുവേണ്ടിവരുന്ന ചെലവ്, നെൽകൃഷി നടത്തുന്നതിന് ഏജൻസിക്ക് ഉണ്ടാകുന്ന ചെലവ്, യുക്തമെന്നു തോന്നുന്ന മറ്റു ചെലവുകൾ എന്നിവ പരിഗണിക്കേണ്ടതാണ്. ഓരോ പ്രദേശത്തും നെൽകൃഷി ചെയ്യുന്നതിന് ആവശ്യമായ ചെലവുകളുടെ വിവരം ഹെക്ടർ അടിസ്ഥാനത്തിൽ വിജ്ഞാപനം ചെയ്യേണ്ടതാണ്. അപ്രകാരമുള്ള ചെലവ് കണക്കാക്കുന്നതിന് പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസറുടെയും ബന്ധപ്പെട്ട തഹസിൽദാർമാരുടെയും റിപ്പോർട്ടുകൾ അടിസ്ഥാനമാക്കാവുന്നതാണ്. കളക്ടറേറ്റ്, കൃഷി ഓഫീസ്, താലൂക്ക് ഓഫീസ്, വില്ലേജ് ഓഫീസ്, തദ്ദേശ സ്വയംഭരണ സ്ഥാപനം

എന്നിവിടങ്ങളിലെ നോട്ടീസ് ബോർഡുകളിൽ ആയത് പ്രസിദ്ധപ്പെടുത്തേണ്ടതാണ്. നെൽകൃഷി ചെയ്യുന്നതിന് അവകാശം ലഭിച്ച ആൾ/ഏജൻസി അപ്രകാരം നിശ്ചയിച്ച തുകയേക്കാൾ കൂടുതൽ തുകയ്ക്ക് അവകാശവാദം ഉന്നയിക്കാൻ പാടുള്ളതല്ല.

11. <u>വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ ഏതെങ്കിലും ഒരു ഭാഗം സ്വഭാവ വ്യതിയാനം വരുത്തുന്നതിനുള്ള നടപടിക്രമം.</u>—അപേക്ഷകന്റെ കൈവശം ഒന്നായിക്കിടക്കുന്ന ഭൂമിയുടെ ഏതെങ്കിലും ഒരു ഭാഗം മാത്രം 27എ വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സ്വഭാവ വ്യതിയാനം വരുത്തുന്നതിന്റെ ആവശ്യത്തിലേക്കായി അപേക്ഷ സമർപ്പിക്കുന്നപക്ഷം, സ്വഭാവ വ്യതിയാനം വരുത്തുന്ന ഭൂമി പ്രത്യേകമായി അടയാളപ്പെടുത്തി സ്കെച്ചിൽ രേഖപ്പെടുത്തേണ്ടതും ബാക്കി ഭൂമി റവന്യൂ രേഖകളിലെ നിലവിലുള്ള തരം ആയി തന്നെനിലനിറുത്തേണ്ടതും അപ്രകാരമുള്ള ഭൂമി പ്രത്യേക നിറം കൊടുത്ത് സ്കെച്ചിൽ അടയാളപ്പെടുത്തേണ്ടതും സപ്ലിമെന്ററി അടിസ്ഥാന നികുതി രജിസ്റ്ററിൽ ഇതു സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.

12. <u>27എ വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിക്കുന്നതിനുള്ള നടപടിക്രമം.</u>—(1) വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്തുന്നത് സംബന്ധിച്ചുള്ള ഒരു അപേക്ഷ, അപ്രകാരമുള്ള ഭൂമിയുടെ വിസ്തീർണ്ണം 20.23 ആർ വരെയാകുന്ന സംഗതിയിൽ ഫാറം 6-ലും 20.23 ആറിൽ കൂടുതലാകുന്ന സംഗതിയിൽ ഫാറം 7-ലും ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

(2) അപേക്ഷയോടൊപ്പം അപ്രകാരമുള്ള ഭൂമിയുടെ സ്കെച്ച്, പ്രസ്തുത ഭൂമിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ തറവിസ്തീർണ്ണം സംബന്ധിച്ച വിവരങ്ങൾ എന്നിവ ഉള്ളടക്കം ചെയ്യേണ്ടതും, സ്വഭാവ വ്യതിയാനം വരുത്തുവാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ വിസ്തീർണ്ണം 20.23 ആറിൽ അധികരിക്കുന്നപക്ഷം, അപ്രകാരമുള്ള ഭൂമിയിൽ ജല സംരക്ഷണ നടപടികൾക്കായി നീക്കിവയ്ക്കുന്ന പത്ത് ശതമാനം ഭൂമി നീല നിറത്തിലും മറ്റു പ്രദേശങ്ങൾ ചുവപ്പു നിറത്തിലും വ്യക്തമായി സ്കെച്ചിൽ രേഖപ്പെടുത്തേണ്ടതും അപ്രകാരമുള്ള പത്ത് ശതമാനം ഭൂമിയിൽ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന ജലസംരക്ഷണ നടപടികളെ സംബന്ധിച്ച വിശദമായ ഒരു പ്ലാൻ കൂടി അതിൽ ഉൾപ്പെടുത്തേണ്ടതുമാണ്.





(3) പ്രസ്തുത അപേക്ഷയോടൊപ്പം ഫണ്ടിന്റെ പേരിൽ ആയിരം രൂപയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റോ അല്ലെങ്കിൽ ഇലക്ട്രോണിക് ട്രാൻസ്ഫർ മുഖേന ആയിരം രൂപ പ്രസ്തുത ഫണ്ടിലേക്ക് അടച്ചതിന്റെ തെളിവോ ഹാജരാക്കേണ്ടതാണ്.

(4) റവന്യൂ ഡിവിഷണൽ ഓഫീസർ, (1)-ാം ഉപചട്ടപ്രകാരം ലഭിക്കുന്ന അപേക്ഷകൾ റിപ്പോർട്ടിനായി വില്ലേജ്ഓഫീസർക്ക് അയച്ചു കൊടുക്കേണ്ടതും വില്ലേജ്ഓഫീസർ ഫാറം 8 പ്രകാരമുള്ള രജിസ്റ്ററിൽ അവ രേഖപ്പെടുത്തി മുൻഗണനാക്രമം പാലിച്ച് അപേക്ഷകളിൻമേൽ അന്വേഷണം നടത്തി പതിനഞ്ച് ദിവസത്തിനകം റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

(5) അപ്രകാരമുള്ള ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിച്ചാൽ സമീപത്ത് നെൽവയൽ ഉണ്ടെങ്കിൽ ആയതിലേക്കുള്ള സുഗമമായ നീരൊഴുക്ക് തടസ്സപ്പെടുമോയെന്ന് (4)-ാം ഉപചട്ടത്തിൽ വ്യക്തമാക്കുന്ന റിപ്പോർട്ടിൽ വ്യക്തമാക്കേണ്ടതും, അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള സ്കെച്ചിന്റെ കൃത്യത പരിശോധിച്ച് അത് സംബന്ധിച്ച വിവരം ഉൾപ്പെടുത്തേണ്ടതുമാണ്.

(6) അപ്രകാരമുള്ള ഭൂമിയുടെ വിസ്തീർണ്ണം 20.2 ആറിൽ കൂടുതൽ ആകുന്നപക്ഷം, അപേക്ഷകൻ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന ജല സംരക്ഷണ നടപടികൾ എത്രമാത്രം പ്രയോജനപ്രദമാണെന്നതു സംബന്ധിച്ച് കൃഷി ഓഫീസറുടെ അഭിപ്രായം റവന്യൂ ഡിവിഷണൽ ഓഫീസർ വാങ്ങേണ്ടതാണ്.

(7) സ്വഭാവ വ്യതിയാനം വരുത്തുവാൻ ഉദ്ദേശിക്കുന്ന വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ വിസ്തീർണ്ണം ഒരു ഹെക്ടറിൽ അധികരിക്കുന്നപക്ഷം, കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ എന്നിവരുടെ സാന്നിധ്യത്തിൽ റവന്യൂ ഡിവിഷണൽ ഓഫീസർ പ്രസ്തുത ഭൂമിയിൽ നേരിട്ട് പരിശോധന നടത്തേണ്ടതാണ്.

(8) കൃഷി ഓഫീസറുടെ അഭിപ്രായപ്രകാരം ജലസംരക്ഷണ നടപടികളിൽ ഭേദഗതി വരുത്തേണ്ടതുണ്ടെങ്കിൽ അപ്രകാരം ചെയ്യുവാൻ അപേക്ഷകനോട് രേഖാമൂലം റവന്യൂ ഡിവിഷണൽ ഓഫീസർ ആവശ്യപ്പെടേണ്ടതാണ്.

(9) വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിക്കുന്ന അപേക്ഷകളിൽ, ചട്ടങ്ങൾക്ക് അനുബന്ധമായുള്ള പട്ടികയിൽ വ്യക്തമാക്കിയിട്ടുള്ള നിരക്കിലുള്ള തുകയ്ക്ക് ഡിമാന്റ് ഡ്രാഫ്റ്റോ അല്ലെങ്കിൽ ഇലക്ട്രോണിക് ട്രാൻസ്ഫർ മുഖേന പ്രസ്തുത തുക ഫണ്ടിലേക്ക് അടച്ചതിന്റെ തെളിവോ ഹാജരാക്കുന്നതിന്മേൽ, അപ്രകാരം അനുമതി നൽകപ്പെട്ട ഭൂമിയുടെ

വിസ്തീർണ്ണം, സർവ്വെ നമ്പർ, അപേക്ഷകൻ ജല സംരക്ഷണ നടപടികൾ സ്വീകരിക്കേണ്ട ഭൂമിയുടെ സർവ്വെ നമ്പരും വിസ്തീർണ്ണവും എന്നിവ വ്യക്തമാക്കിക്കൊണ്ടും ജലസംരക്ഷണ നടപടികൾ വിശദമാക്കിക്കൊണ്ടും റവന്യൂ ഡിവിഷണൽ ഓഫീസർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ഉത്തരവിനോടൊപ്പം മേൽ പറഞ്ഞ വിശദാംശങ്ങൾ സൂചിപ്പിച്ചുകൊണ്ടുള്ള പ്രസ്തുത ഭൂമിയുടെ ഒരു സ്കെച്ച് ഉണ്ടായിരിക്കേണ്ടതുമാണ്.

(10) വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിച്ചുകൊണ്ട് ഉത്തരവ് ലഭിക്കുന്നതിന്മേൽ, സ്വഭാവവ്യതിയാനം അനുവദിച്ച ഭൂമിയുടെ വിസ്തൃതിക്കനുസൃതമായി ഭൂനികുതി തിട്ടപ്പെടുത്തി തഹസിൽദാർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും വില്ലേജ് ഓഫീസർ അതനുസരിച്ച് റവന്യൂ രേഖകളിൽ മാറ്റം വരുത്തേണ്ടതുമാണ്.

(11) സബ് ഡിവിഷൻ ആവശ്യമുള്ള സംഗതികളിൽ, സബ് ഡിവിഷൻ അനുവദിച്ച് തഹസിൽദാർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും, ആയതിൽ സ്വഭാവവ്യതിയാനം അനുവദിച്ച ഭൂമിയുടെ വിസ്തൃതിക്കനുസൃതമായി ഭൂനികുതി പുനർനിർണ്ണയിക്കേണ്ടതുമാണ്.

(12) ജലസംരക്ഷണ നടപടികൾ നടപ്പിലാക്കേണ്ട ഭൂമിയുടെ വിസ്തൃതി പ്രത്യേക സബ് ഡിവിഷനായി നിലനിർത്തി തണ്ണീർത്തടമായി രേഖപ്പെടുത്തേണ്ടതും അപ്രകാരമുള്ള ഭൂമിയിൽ യാതൊരു വിധത്തിലുമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ പാടില്ലാത്തതുമാണ്.

(13) 1967-ലെ ജൂലൈ 4-ാം തീയതിക്കുമുമ്പ് നികത്തിയതോ നികന്നതോ ആയ ഭൂമിയുടെ സ്വഭാവ വ്യതിയാനം സംബന്ധിച്ചുള്ള അപേക്ഷ ഫാറം 9-ൽ സമർപ്പിക്കേണ്ടതും പ്രസ്തുത ഭൂമി 1967 ജൂലൈ 4-ാം തീയതിക്കുമുമ്പ് നികത്തിയതോ നികന്നതോ ആണെന്ന് തെളിയിക്കുന്നതിനായി പ്രസ്തുത ഭൂമിയെ സംബന്ധിക്കുന്ന താഴെ പറയുന്ന രേഖകൾ തെളിവായി സ്വീകരിക്കാവുന്നതാണ്, അതായത്:—

(i) അപ്രകാരമുള്ള ഭൂമി 1967 ജൂലൈ 4-ന് മുമ്പ് നികന്നതായോ മറ്റ് കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗിച്ചിട്ടുള്ളതായോ പ്രസ്താവിച്ചിട്ടുള്ള ആധാരത്തിന്റെ പകർപ്പുകൾ അല്ലെങ്കിൽ;

(ii) അപ്രകാരമുള്ള് ഭൂമിയിൽ 1967 ജൂലൈ 4-ന് മുമ്പ് നികന്നതായോ മറ്റ് കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗിച്ചിട്ടുള്ളതായോ പ്രസ്താവിച്ചിട്ടുള്ള/രേഖപ്പെടുത്തിയിട്ടുള്ള മുദ്രപത്രത്തിൽ തയ്യാറാക്കിയിട്ടുള്ള നിയമാനുസൃത ഉടമ്പടികൾ (ഒറ്റി, കാണം തുടങ്ങിയവയുടേത് ഉൾപ്പെടെ);

1559



(iii) അപ്രകാരമുള്ള ഭൂമി 1967 ജൂലൈ 4-ന് മുമ്പ് നിലവിലുണ്ടായിരുന്ന കെട്ടിടത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ കെട്ടിട നികുതി അടച്ചതിന്റെ രസീത്; അല്ലെങ്കിൽ

(iv) അപ്രകാരമുള്ള ഭൂമി 1967 ജൂലൈ 4-ന് മുമ്പ് നികന്നതായോ മറ്റ് കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗിച്ചിട്ടുള്ളതായി തെളിയിക്കുന്ന തരത്തിൽ ഏതെങ്കിലും സർക്കാർ ഉദ്യോഗസ്ഥനോ, സർക്കാർ ഏജൻസികളോ നൽകിയ ലൈസൻസോ മറ്റ് രേഖകളോ;

(v) വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം സംബന്ധിച്ച് സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ വ്യക്തമാക്കിയിട്ടുള്ള ഭൂമിയിലുള്ള മരങ്ങൾ, വീടുകൾ, പുരാതനമായ കാവുകൾ, എടുപ്പ് എന്നിവയുടെ പ്രായം, കാലപ്പഴക്കം എന്നിവയുടെ അടിസ്ഥാനത്തിലും അതിനനുസൃതമായും ഉള്ള സാക്ഷ്യമൊഴികളോ.

(14) ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതിനായി റവന്യൂ ഡിവിഷണൽ ഓഫീസർ വില്ലേജ് ഓഫീസറോട് അന്വേഷണ റിപ്പോർട്ട് ആവശ്യപ്പെടേണ്ടതും ആവശ്യമുള്ളപക്ഷം സ്ഥല പരിശോധന നടത്തേണ്ടതുമാണ്.

(15) 27എ വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്തുന്നതിന് റവന്യൂ ഡിവിഷണൽ ഓഫീസർ പുറപ്പെടുവിച്ച ഒരു ഉത്തരവ് പ്രസ്തുത വകുപ്പിന്റെ (11)-ാം ഉപവകുപ്പ് പ്രകാരം റദ്ദുചെയ്യുന്ന സംഗതിയിൽ, ചട്ടം 13 പ്രകാരം റവന്യൂ രേഖകളിൽ ഭൂമിയുടെ സ്വഭാവം സംബന്ധിച്ച മാറ്റം വരുത്തിയത് റദ്ദുചെയ്ത് പ്രസ്തുത രേഖകളിൽ പൂർവ്വസ്ഥിതിയിലുള്ള ഭൂമിയുടെ സ്വഭാവം രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ വില്ലേജ് ഓഫീസർ സ്വീകരിക്കേണ്ടതും റവന്യൂ രേഖകളിൽ അപ്രകാരം റദ്ദു ചെയ്ത വിവരം രേഖപ്പെടുത്തി വില്ലേജാഫീസറുടെ പേരും ഒപ്പും രേഖപ്പെടുത്തിക്കൊണ്ട്, സീൽ പതിപ്പിക്കേണ്ടതും അപ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച വിവരം തഹസിൽദാരെയും റവന്യൂ ഡിവിഷണൽ ഓഫീസറെയും അറിയിക്കേണ്ടതുമാണ്.

(16) 27എ വകുപ്പ് (8)-ാം ഉപവകുപ്പ് പ്രകാരം ഏതെങ്കിലും പൊതു ആവശ്യത്തിലേക്കായി വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ പരിവർത്തനപ്പെടുത്തൽ ആവശ്യമാകുന്നിടത്ത്, റവന്യൂ ഡിവിഷണൽ ഓഫീസർ റിപ്പോർട്ട് സമർപ്പിക്കുന്ന അവസരങ്ങളിൽ പ്രസ്തുത റിപ്പോർട്ടിൽ പരിവർത്തനപ്പെടുത്തുന്നതുകൊണ്ട് സമീപത്തെ നെൽവയലുകളിലേക്കുള്ള സുഗമമായ നീരൊഴുക്ക് തടസ്സപ്പെടുന്നുണ്ടോയെന്നും സമീപ സ്ഥലത്തെ കൃഷിയെ പ്രതികൂലമായി ബാധിക്കുമോയെന്നും പരിശോധിക്കുകയും അല്ലെങ്കിൽ പരിശോധിപ്പിക്കുകയും, ആവശ്യമെങ്കിൽ കൃഷി ഓഫീസറോട് റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെടേണ്ടതുമാണ്.

(17) 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം പ്രാബല്യത്തിൽ വന്നതിന് മുമ്പ്, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് പ്രകാരം വീട് വയ്ക്കാനോ മറ്റ് ആവശ്യങ്ങൾക്കോ നിലം പരിവർത്തനപ്പെടുത്താൻ നിയമപരമായി അനുമതി വാങ്ങിയത് സംബന്ധിച്ച ഉത്തരവുകൾ ഹാജരാക്കുന്നപക്ഷം അപ്രകാരമുള്ള ഭൂമിയ്ക്ക് റവന്യൂ രേഖകളിൽ സ്വഭാവ വ്യതിയാനം വരുത്തുന്നതിന് ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന ഫീസിന്റെ 25% നിരക്കിൽ അടവ് വരുത്തേണ്ടതാണ്.

13. റവന്യൂ രേഖകളിൽ മാറ്റം വരുത്തുന്നതിനുള്ള നടപടിക്രമം.—(1) വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിച്ച അപേക്ഷകളിൽ, സബ് ഡിവിഷൻ ആവശ്യമില്ലാത്ത സംഗതികളിൽ റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഉത്തരവിൻപ്രകാരം വില്ലേജ് ഓഫീസർ തണ്ടപ്പേരിൽ ഭൂമിയുടെ സ്വഭാവം സംബന്ധിച്ച മാറ്റം വരുത്തേണ്ടതും സപ്ലിമെന്ററി അടിസ്ഥാന നികുതി രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്. സ്വഭാവ വ്യതിയാനം അനുവദിച്ച അപേക്ഷകളിൽ, സബ് ഡിവിഷൻ ആവശ്യമുള്ള സംഗതിയിൽ, തണ്ടപ്പേരിലും സപ്ലിമെന്ററി അടിസ്ഥാന നികുതി രജിസ്റ്ററിലും ഭൂമിയുടെ വിശദാംശങ്ങളും ജല സംരക്ഷണ നടപടികളുടെ വിശദാംശങ്ങളും രേഖപ്പെടുത്തുകയും തണ്ടപ്പേർ അക്കൗണ്ടിൽ പുതിയ സബ് ഡിവിഷൻ നമ്പർ അനുവദിച്ച്, ഭൂനികുതി പുനർനിർണ്ണയിച്ച്, സബ് ഡിവിഷൻ സ്കെച്ച് തയ്യാറാക്കി റവന്യൂ രേഖകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിലേക്കായി തഹസിൽദാർ നടപടിക്രമം തയ്യാറാക്കി വില്ലേജ് ഓഫീസർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

(2) 27 എ വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരവും 27ബി വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരവും പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരം തഹസിൽദാരുടെ നിർദ്ദേശം ലഭിക്കുന്നതിൻമേൽ വില്ലേജ് ഓഫീസർ റവന്യൂ രേഖകളിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തണ്ടപ്പേരിലും സപ്ലിമെന്ററി അടിസ്ഥാന നികുതി രജിസ്റ്ററിലും സ്വഭാവ വ്യതിയാനം വരുത്തിയ ഭൂമിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

(3) സ്വഭാവ വ്യതിയാനം വരുത്തുവാൻ അനുമതി നൽകപ്പെട്ട ഭൂമി 'പുരയിടം' എന്നും ജല സംരക്ഷണ നടപടികൾക്കായി നീക്കിവച്ചിട്ടുള്ള പത്ത് ശതമാനം ഭൂമി 'നിലം-ജല സംരക്ഷണ പ്രദേശം' എന്നും സപ്ലിമെന്ററി അടിസ്ഥാന നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും 'നിലം-ജല സംരക്ഷണ പ്രദേശം' ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതായി കരുതപ്പെടുന്നതുമാണ്.

(4) ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്തുന്നതിനുള്ള അനുമതിയുടെ അടിസ്ഥാനത്തിൽ തണ്ടപ്പേരിൽ ആകെ വിസ്തീർണ്ണത്തിൽനിന്നും സ്വഭാവ വ്യതിയാനം വരുത്തിയ ഭൂമിയുടെ വിസ്തീർണ്ണം കുറവ് ചെയ്ത്, അനുവദിച്ച പുതിയ സബ് ഡിവിഷൻ നമ്പരും, തരവും, നികുതിയും, സ്വഭാവ വ്യതിയാനം വരുത്തിയ ഉത്തരവിന്റെ നമ്പരും തീയതിയും എഴുതി ചേർത്ത്

1561



വില്ലേജാഫീസറുടെ പേരും ഒപ്പും രേഖപ്പെടുത്തി സീൽ പതിക്കേണ്ടതും അപ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച വിവരം തഹസിൽദാരെ അറിയിക്കേണ്ടതുമാണ്.

(5) ഇത് സംബന്ധിച്ച് സപ്ലിമെന്ററി അടിസ്ഥാന നികുതി രജിസ്റ്ററിലും തണ്ടപ്പേരിലും രേഖപ്പെടുത്തലുകൾ വരുത്തുന്നതിനു പുറമെ ഇപ്രകാരം സ്വഭാവ വ്യതിയാനം വരുത്തുന്ന ഭൂമിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിനായി ഓരോ വില്ലേജിലും ഫാറം 10-ൽ ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് എല്ലാ മാസവും വില്ലേജിന്റെ ചുമതല വഹിക്കുന്ന ഓഫീസർ പരിശോധിച്ച് ഒപ്പ് രേഖപ്പെടുത്തേണ്ടതും 6 മാസം കൂടുമ്പോൾ തഹസിൽദാർ ആയത് പരിശോധിക്കേണ്ടതും അപ്രകാരമുള്ള രേഖകളെല്ലാം ജമാബന്തി ഓഫീസർ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

14. ഫണ്ടിന്റെ സ്വരൂപിക്കലും കൈകാര്യം ചെയ്യലും വിനിയോഗിക്കലും.—(1) ഫണ്ടിന്റെ നടത്തിപ്പിനായി സർക്കാർ നിയോഗിക്കുന്ന സംസ്ഥാനതല ഉദ്യോഗസ്ഥൻ ഒരു ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതും, അപ്രകാരമുള്ള അക്കൗണ്ട് നമ്പരും ട്രഷറിയും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ റവന്യൂ ഡിവിഷണൽ ഓഫീസർമാരെ അറിയിക്കേണ്ടതുമാണ്.

(2) ഫണ്ടിൽ നിന്നും താഴെ പറയുന്ന ചെലവുകളുടെ ആവശ്യത്തിലേക്കായി തുക ചെലവഴിക്കാവുന്നതാണ്, അതായത്:—

(എ) നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനും നെൽവയലുകൾ സംരക്ഷിക്കുന്നതിനും സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടിയോ അല്ലെങ്കിൽ സർക്കാർ നിർദ്ദേശിക്കുന്ന വിധത്തിലോ ആക്റ്റിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള ചെലവുകൾ;

(ബി) നെൽവയലുകൾ പൂർവ്വസ്ഥിതിയിലാക്കുവാൻ വേണ്ടിവരുന്ന ചെലവുകൾ;

(സി) നെൽവയലുകൾ സംരക്ഷിക്കുന്നതിനായി രൂപീകരിക്കുന്ന ജില്ല/താലൂക്കുതല സ്ക്വാഡുകളുടെ പ്രവർത്തനത്തിന് ആവശ്യമായ വാഹനങ്ങൾ ഏർപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള മറ്റെല്ലാവിധ ചെലവുകളും;

(ഡി) ആക്റ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഉപഗ്രഹ ചിത്രങ്ങൾ ശേഖരിക്കുന്നതിനുവേണ്ടിവരുന്ന ചെലവുകൾ;

(ഇ) കൃഷിഭൂമിയുടെ സംരക്ഷണത്തിനുള്ള ഒരു സുപ്രധാന നടപടിയായ ലൈഫ് മിഷൻ ഭവന സമുച്ചയ പദ്ധതിയിലെ ഓരോ യൂണിറ്റിന്റെയും നിർമ്മാണ ചെലവിന്റെ മൂന്നിൽ രണ്ടുഭാഗം വരെയുള്ള ചെലവ്.''

## പട്ടിക

[ചട്ടം 12(9) കാണുക]

## 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ

### വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിക്കുന്നതിന് അടയ്ക്കേണ്ട ഫീസ്

| *ക്രമ നമ്പർ* | *വിസ്തീർണ്ണം (ആർ)* | *ഫീസായി അടയ്ക്കേണ്ട ഭൂമിയുടെ ന്യായ വിലയുടെ ശതമാനം (%)* | | |
|---|---|---|---|---|
| | | *പഞ്ചായത്ത്* | *മുനിസിപ്പാലിറ്റി* | *കോർപ്പറേഷൻ* |
| 1 | 20.23 വരെ | 10 | 20 | 30 |
| 2 | 20.23 മുതൽ 40.47 വരെ | 20 | 30 | 40 |
| 3 | 40.47-നു മുകളിൽ | 30 | 40 | 50 |

കുറിപ്പ്:—(1) അപ്രകാരം സ്വഭാവ വ്യതിയാനം വരുത്താൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 3000 ചതുരശ്ര അടിയിൽ കൂടുതൽ ആണെങ്കിൽ അപ്രകാരം അധികമായി വരുന്ന ഓരോ ചതുരശ്ര അടിയ്ക്കും 100 രൂപ നിരക്കിലുള്ള ഫീസ് കൂടി അടയ്ക്കേണ്ടതാണ്.

കുറിപ്പ്:—(2) 4.04 ആർ ഭൂമിയിൽ 120 ചതുരശ്രമീറ്റർ വരെ വിസ്തൃതിയുള്ള വീട് നിർമ്മിക്കുന്നതിനോ, പുനർനിർമ്മിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ 2.02 ആർ ഭൂമിയിൽ 40 ചതുരശ്രമീറ്റർ വിസ്തൃതിയുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനോ, പുനർ നിർമ്മിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ യാതൊരു ഫീസും നൽകേണ്ടതില്ല.

1563



## ഫാറം 5

(ചട്ടം 4 ഡി കാണുക)

## 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ

### (ഡാറ്റാ ബാങ്കിലെ ഉള്ളടക്കങ്ങൾ തിരുത്തുന്നതിനുള്ള അപേക്ഷ)

100 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കുക

1. അപേക്ഷകന്റെ പേരും മേൽവിലാസവും മൊബൈൽ ഫോൺ നമ്പരും :

2. ഉള്ളടക്കങ്ങൾ സംബന്ധിച്ച ആക്ഷേപം ബോധിപ്പിക്കുന്ന ഭൂമിയുടെ വിശദാംശങ്ങൾ
   - (i) ജില്ല :
   - (ii) താലൂക്ക് :
   - (iii) വില്ലേജ് :
   - (iv) ബ്ലോക്ക് നമ്പർ :
   - (v) സർവ്വെ നമ്പർ :
   - (vi) സബ് ഡിവിഷൻ നമ്പർ :
   - (vii) വിസ്തീർണ്ണം (ഹെക്ടറിൽ) :
   - (viii) തണ്ടപ്പേർ നമ്പർ :

3. ഭൂമി ഉൾപ്പെട്ടുവരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനം :

4. ഡാറ്റാ ബാങ്ക് പ്രദർശിപ്പിച്ച തീയതി :

5. ഡാറ്റാ ബാങ്കിൽ മാറ്റം വരുത്തേണ്ട സാഹചര്യം :

6. ഹാജരാക്കുന്ന രേഖകളുടെ വിശദാംശങ്ങൾ :

മേൽ പ്രസ്താവിച്ച വസ്തുതകൾ എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം ശരിയും സത്യവുമാണെന്ന് ഇതിനാൽ ഞാൻ സത്യപ്രസ്താവന ചെയ്തുകൊള്ളുന്നു.

സ്ഥലം :
തീയതി :

അപേക്ഷകന്റെ പേര് :
ഒപ്പ് :

**പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശുപാർശ സംബന്ധിച്ച് കൃഷി ഓഫീസർ സമർപ്പിക്കുന്ന റിപ്പോർട്ട്**

....................................താലൂക്കിൽ....................................വില്ലേജിൽ.................................... ബ്ലോക്ക്....................................സർവ്വെ/റീസർവ്വെയിൽപ്പെട്ട .................................... വിസ്തീർണ്ണം വരുന്ന അപേക്ഷയ്ക്ക് ആസ്പദമായ ഭൂമി പ്രാദേശികതല നിരീക്ഷണ സമിതി പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന വസ്തുതകൾ കണ്ടെത്തിയിട്ടുണ്ട്:

....................................................................................................

....................................................................................................

....................................................................................................

....................................................................................................

....................................................................................................

മേൽ പ്രസ്താവിച്ച വസ്തുതകൾ കണക്കിലെടുത്ത് ഈ ഭൂമിയെ സംബന്ധിച്ച് പ്രദർശിപ്പിച്ച ഡാറ്റാ ബാങ്കിൽനിന്നും ഒഴിവാക്കേണ്ടതാണ്/ഒഴിവാക്കേണ്ടതില്ല എന്ന് പ്രാദേശികതല നിരീക്ഷണ സമിതി ശുപാർശ ചെയ്തിട്ടുണ്ടെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

പ്രസ്തുത തീരുമാനം....................................തീയതിയിൽ ചേർന്ന യോഗത്തിൽ കൈക്കൊണ്ടതും ആയത്(നമ്പർ)....................................ആയി മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നുള്ള വിവരം കൂടി ബോധിപ്പിച്ചുകൊള്ളുന്നു.

കൺവീനർ,
പ്രാദേശികതല നിരീക്ഷണ സമിതി ആന്റ്
കൃഷി ഓഫീസർ.

1568



ഫാറം 6

[ചട്ടം 12(1) കാണുക]

**2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ**

**(20.2 ആറിൽ കുറവ് വിസ്തീർണ്ണമുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്തുന്നതിനുള്ള അപേക്ഷ)**

1. അപേക്ഷകന്റെ പേരും മേൽവിലാസവും മൊബൈൽ ഫോൺ നമ്പരും :
2. സ്വഭാവ വ്യതിയാനം വരുത്തേണ്ട ഭൂമിയുടെ വിശദാംശങ്ങൾ :

   **(അപേക്ഷകന്റെ ഉടമസ്ഥതയിലോ കൈവശത്തിലോ വിവിധ സർവ്വെ നമ്പരുകളിലായി ഒന്നായിക്കിടക്കുന്ന ഭൂമിയുടെ വിവരങ്ങൾ വിശദമായി ചേർക്കുക)**

   (i) ജില്ല :
   (ii) താലൂക്ക് :
   (iii) വില്ലേജ് :
   (iv) ബ്ലോക്ക് നമ്പർ :
   (v) സർവ്വെ നമ്പർ :
   (vi) സബ് ഡിവിഷൻ നമ്പർ :
   (vii) ആകെ വിസ്തീർണ്ണം : ..............ഹെക്ടർ ..................ആർ
   (viii) സ്വഭാവ വ്യതിയാനം വരുത്തേണ്ട ഭൂമിയുടെ വിസ്തീർണ്ണം : ..............ഹെക്ടർ ..................ആർ
   (ix) തണ്ടപ്പേർ നമ്പർ/നമ്പരുകൾ :
3. മുൻ കാലങ്ങളിൽ സ്വഭാവ വ്യതിയാനത്തിനായി അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ (റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുക) :

4. സ്വഭാവ വ്യതിയാനം വരുത്തേണ്ടതിന്റെ ആവശ്യം :

(എ) ഭവന നിർമ്മാണത്തിന് :

(ബി) വാണിജ്യാവശ്യത്തിന് :

(സി) മറ്റ് ആവശ്യങ്ങൾക്ക് (വ്യക്തമാക്കുക) :

5. ഫീസ് നൽകിയതിന്റെ നമ്പരും തീയതിയും :

6. നിർമ്മിക്കുവാൻ/പുനർ നിർമ്മിക്കുവാൻ/വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ വിസ്തീർണ്ണം :

മേൽ പ്രസ്താവിച്ച വസ്തുതകൾ എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം ശരിയും സത്യവുമാണെന്ന് ഞാൻ ഇതിനാൽ സത്യപ്രസ്താവന ചെയ്തുകൊള്ളുന്നു.

സ്ഥലം : അപേക്ഷകന്റെ പേര് :

തീയതി : ഒപ്പ് :



1567

## വില്ലേജാഫീസറുടെ അന്വേഷണ റിപ്പോർട്ട്

1. സ്വഭാവ വ്യതിയാനത്തിനായി ആവശ്യപ്പെട്ടിട്ടുള്ള ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുണ്ടോ? :

2. അപ്രകാരമുള്ള ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലെങ്കിലും സ്ഥിരമായി കാണുന്ന നീർച്ചാലുകളോ തണ്ണീർത്തടങ്ങളോ നിലവിലുണ്ടോ? :

3. വെള്ളക്കെട്ടുണ്ടായിരുന്ന സ്ഥലത്ത് ബണ്ട് പിടിപ്പിച്ച് അതിൽ വൃക്ഷങ്ങൾ നട്ട് കര ഭൂമിയാക്കാൻ ശ്രമിച്ചിട്ടുണ്ടോ? :

4. സ്വഭാവ വ്യതിയാനം വരുത്തുവാൻ ഉദ്ദേശിക്കുന്ന ഭൂമിയിലെ ജലാഗമന നിർഗമന സ്രോതസുകൾ :

5. സ്വഭാവ വ്യതിയാനം അനുവദിക്കുന്ന ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയാൽ സമീപ ഭൂമിയിലേക്കുള്ള വരമ്പ്, നടവഴി തടസ്സപ്പെടുമോ? ഉണ്ടെങ്കിൽ ആയത് നിലനിർത്തുവാൻ അപേക്ഷകൻ സ്വീകരിച്ചിട്ടുള്ള നടപടികൾ :

6. സ്വഭാവ വ്യതിയാനം വരുത്തുവാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ സമീപത്തുള്ള നെൽവയലുകളുടെ വിശദാംശങ്ങൾ :

7. നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിലൂടെ സമീപത്തെ നെൽകൃഷിയെ പ്രതികൂലമായി ബാധിക്കുമോ എന്ന വസ്തുത

8. സ്വഭാവ വ്യതിയാനം വരുത്തുവാനുദ്ദേശിക്കുന്ന ഭൂമിയുടെ ചുറ്റുമുള്ള വസ്തുക്കളുടെ വിശദാംശങ്ങൾ :
(തരം, സർവ്വെ നമ്പരുകൾ മുതലായവ)
(കിഴക്ക്/പടിഞ്ഞാറ്/തെക്ക്/വടക്ക്)

9. സ്വഭാവ വ്യതിയാനത്തിനായി അപേക്ഷിക്കുന്ന വസ്തുവിനെ സംബന്ധിച്ച വിവരം :

(എ) അപേക്ഷകന്റെ വിവിധ സർവ്വെ നമ്പരുകളിലായി ഒന്നായിക്കിടക്കുന്ന വസ്തുക്കളുടെ വിവരങ്ങൾ എല്ലാം ഉൾപ്പെടുത്തിയിട്ടുണ്ടോ?

(ബി) കൈവശ വസ്തുവിന്റെ മൊത്തം വിസ്തീർണ്ണം : .............ഹെക്ടർ.............ആർ

(സി) സ്വഭാവ വ്യതിയാനം വരുത്തുന്നതിനായി അപേക്ഷിച്ചിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണം : .............ഹെക്ടർ.............ആർ

10. നിർമ്മിക്കുവാൻ/പുനർ നിർമ്മിക്കുവാൻ/ വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ വിസ്തീർണ്ണം

മേൽ പ്രസ്താവിച്ച വസ്തുതകൾ എന്റെ നേരിട്ടുള്ള അന്വേഷണത്തിലും സ്ഥല പരിശോധനയിലും ശരിയാണെന്ന് ഉത്തമമായി ബോധ്യപ്പെട്ടിട്ടുള്ളതാണെന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

പേര് :

തസ്തിക :

സ്ഥലം : വില്ലേജ് :

തീയതി : ഒപ്പ് :

1569



## ഫാറം 7

[ചട്ടം 12(1) കാണുക]

**2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ**

**(വിജ്ഞാപനം ചെയ്യപ്പെടാത്തതും 20.23 ആറോ അതിൽ കൂടുതലോ വിസ്തീർണ്ണമുള്ളതുമായ ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്തുന്നതിനുള്ള അപേക്ഷ)**

1. അപേക്ഷകന്റെ പേരും മേൽവിലാസവും മൊബൈൽ ഫോൺ നമ്പരും :

2. സ്വഭാവ വ്യതിയാനം വരുത്തേണ്ട ഭൂമിയുടെ വിശദാംശങ്ങൾ (അപേക്ഷകന്റെ ഉടമസ്ഥതയിലോ കൈവശത്തിലോ വിവിധ സർവ്വെ നമ്പരുകളിലായി ഒന്നായിക്കിടക്കുന്ന ഭൂമിയുടെ വിവരങ്ങൾ വിശദമായി ചേർക്കുക) :

(i) ജില്ല :

(ii) താലൂക്ക് :

(iii) വില്ലേജ് :

(iv) ബ്ലോക്ക് നമ്പർ :

(v) സർവ്വെ നമ്പർ :

(vi) സബ് ഡിവിഷൻ നമ്പർ :

(vii) ആകെ വിസ്തീർണ്ണം : ..............ഹെക്ടർ .................ആർ

സ്വഭാവ വ്യതിയാനം വരുത്തേണ്ട ഭൂമിയുടെ വിസ്തീർണ്ണം : .............ഹെക്ടർ .................ആർ

(viii) തണ്ടപ്പേർ നമ്പർ/നമ്പരുകൾ :

3. മുൻ കാലങ്ങളിൽ സ്വഭാവ വ്യതിയാനത്തിനായി അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ (റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുക) :

4. സ്വഭാവ വ്യതിയാനം വരുത്തേണ്ടതിന്റെ ആവശ്യം :

(എ) ഭവന നിർമ്മാണത്തിന് :

(ബി) വാണിജ്യാവശ്യത്തിന് :

(സി) മറ്റ് ആവശ്യങ്ങൾക്ക് (വ്യക്തമാക്കുക) :

5. സ്വഭാവ വ്യതിയാനം വരുത്തുന്ന ഭൂമിയിൽ ജല സംരക്ഷണ നടപടികൾക്കായി മാറ്റി വച്ച ഭൂമിയുടെ വിശദാശങ്ങൾ

(i) ബ്ലോക്ക് നമ്പർ :

(ii) സർവ്വെ നമ്പർ :

(iii) സബ് ഡിവിഷൻ നമ്പർ :

(iv) വിസ്തീർണ്ണം : .........ഹെക്ടർ .........ആർ

6. സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന ജലസംരക്ഷണ നടപടികളുടെ സംക്ഷിപ്ത രൂപം (ആവശ്യമുള്ളപക്ഷം അധിക ഷീറ്റുകൾ ഉപയോഗിക്കാവുന്നതാണ്.) :

7. ഫീസ് നൽകിയതിന്റെ രസീത് നമ്പരും തീയതിയും :

8. നിർമ്മിക്കുവാൻ/പുനർ നിർമ്മിക്കുവാൻ/ വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ വിസ്തീർണ്ണം :

മേൽ പ്രസ്താവിച്ച വസ്തുതകൾ എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം ശരിയും സത്യവുമാണെന്ന് ഞാൻ ഇതിനാൽ സത്യപ്രസ്താവന ചെയ്തുകൊള്ളുന്നു.

സ്ഥലം : അപേക്ഷകന്റെ പേര് :

തീയതി : ഒപ്പ് :

1571



## വില്ലേജാഫീസറുടെ അന്വേഷണ റിപ്പോർട്ട്

1. അപേക്ഷാ വസ്തു ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുണ്ടോ ? :

2. അപേക്ഷാ വസ്തു ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലെങ്കിലും സ്ഥിരമായി കാണുന്ന നീർചാലുകളോ തണ്ണീർ തടങ്ങളോ നിലവിലുണ്ടോ ? :

3. വെള്ളക്കെട്ടുണ്ടായിരുന്ന സ്ഥലത്ത് ബണ്ട് പിടിപ്പിച്ച് അതിൽ വൃക്ഷങ്ങൾ നട്ട് കരഭൂമിയാക്കാൻ ശ്രമിച്ചിട്ടുണ്ടോ ? :

4. സ്വഭാവ വ്യതിയാനം വരുത്തുവാൻ ഉദ്ദേശിക്കുന്ന ഭൂമിയിലെ ജലാഗമന നിർഗമന സ്രോതസുകൾ :

5. സ്വഭാവ വ്യതിയാനം അനുവദിക്കുന്ന ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയാൽ സമീപ ഭൂമിയിലേക്കുള്ള വരമ്പ്, നടവഴി തടസ്സപ്പെടുമോ? ഉണ്ടെങ്കിൽ ആയത് നിലനിർത്തുവാൻ അപേക്ഷകൻ സ്വീകരിച്ചിട്ടുള്ള നടപടികൾ :

6. സ്വഭാവ വ്യതിയാനം വരുത്തുവാനുദ്ദേശിക്കുന്ന ഭൂമിയുടെ സമീപത്തുള്ള നെൽവയലുകളുടെ വിശദാംശം :

7. നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിലൂടെ സമീപത്തെ നെൽകൃഷിയെ പ്രതികൂലമായി ബാധിക്കുമോ എന്ന വസ്തുത :

8. സ്വഭാവ വ്യതിയാനം വരുത്തുവാനുദ്ദേശിക്കുന്ന ഭൂമിയുടെ ചുറ്റുമുള്ള വസ്തുക്കളുടെ വിശദാംശങ്ങൾ (തരം, സർവ്വെ നമ്പരുകൾ മുതലായവ) (കിഴക്ക്/പടിഞ്ഞാറ്/തെക്ക്/വടക്ക്) :

9\. സ്വഭാവ വ്യതിയാനം വരുത്തുവാൻ അപേക്ഷിക്കുന്ന വസ്തുവിനെ സംബന്ധിച്ച വിവരം :

(എ) അപേക്ഷകന്റെ വിവിധ സർവ്വെ നമ്പരുകളിലായി ഒന്നായിക്കിടക്കുന്ന വസ്തുക്കളുടെ വിവരങ്ങൾ എല്ലാം ഉൾപ്പെടുത്തിയിട്ടുണ്ടോ ? :

(ബി) കൈവശ വസ്തുവിന്റെ മൊത്തം വിസ്തീർണ്ണം : ...........ഹെക്ടർ .............ആർ

(സി) സ്വഭാവ വ്യതിയാനം ആവശ്യപ്പെടുന്ന വിസ്തീർണ്ണം : ...........ഹെക്ടർ .............ആർ

10\. സ്വഭാവ വ്യതിയാനം വരുത്തുന്ന ഭൂമിയിൽ ജല സംരക്ഷണ നടപടികൾക്കായി മാറ്റിവച്ച ഭൂമിയുടെ വിശദാംശങ്ങൾ :

(i) സർവ്വെ നമ്പർ :

(ii) സബ് ഡിവിഷൻ നമ്പർ :

(iii) വിസ്തീർണ്ണം : ........ഹെക്ടർ ...........ആർ

11\. സ്വഭാവ വ്യതിയാനം വരുത്തുന്ന ഭൂമിയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ജല സംരക്ഷണ നടപടികൾ തൃപ്തികരമാണോ? :

12\. നിർമ്മിക്കുവാൻ/പുനർ നിർമ്മിക്കുവാൻ/ വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ വിസ്തീർണ്ണം :

മേൽ പ്രസ്താവിച്ച വസ്തുതകൾ എന്റെ നേരിട്ടുള്ള അന്വേഷണത്തിലും സ്ഥല പരിശോധനയിലും ശരിയാണെന്ന് ഉത്തമമായി ബോധ്യപ്പെട്ടിട്ടുള്ളതാണെന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

പേര് :

തസ്തിക :

വില്ലേജ് :

ഒപ്പ് :

സ്ഥലം :

തീയതി :



ഫാറം 8

[ചട്ടം 12(4) കാണുക]

## 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ

(വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്തുവാൻ ആവശ്യപ്പെട്ടുകൊണ്ട്, വില്ലേജ് ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളുടെ രജിസ്റ്റർ)

ജില്ല : താലൂക്ക് : വില്ലേജ് :

| ക്രമ നമ്പർ | അപേക്ഷകന്റെ പേരും മേൽ വിലാസവും മൊബൈൽ നമ്പറും | സ്വഭാവ വ്യതിയാനം വരുത്തേണ്ട ഭൂമിയുടെ വിശദാംശങ്ങൾ | | | | | നടപ്പാക്കാനുദ്ദേശിക്കുന്ന ജല സംരക്ഷണ നടപടികളുടെ വിശദാംശങ്ങൾ (വിസ്തീർണ്ണം 20.23 ആറിൽ അധികരിക്കുന്നുണ്ടെങ്കിൽ മാത്രം) | | | | | സ്ഥല പരിശോധന നടത്തിയ തീയതി | റവന്യൂ ഡിവിഷണൽ ഓഫീസിലേക്ക് സമർപ്പിച്ച റിപ്പോർട്ടിന്റെ നമ്പറും തീയതിയും | റിപ്പോർട്ടിലെ ശുപാർശയുടെ ചുരുക്കം | വില്ലേജാഫീസറുടെ പേരും പൂർണ്ണ ഒപ്പും | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | തണ്ടപ്പേർ നമ്പർ | ബ്ലോക്ക് നമ്പർ | റീസർവ്വേ/സർവ്വേ നമ്പർ | സബ് ഡിവിഷൻ നമ്പർ | വിസ്തീർണ്ണം | ബ്ലോക്ക് നമ്പർ | റീസർവ്വേ നമ്പർ | സബ് ഡിവിഷൻ നമ്പർ | വിസ്തീർണ്ണം | നടപ്പാക്കാനുദ്ദേശിക്കുന്ന ജല സംരക്ഷണ നടപടികളുടെ സംക്ഷിപ്ത വിവരണം | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |

## ഫാറം 9

[ചട്ടം 12(13) കാണുക]

### 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ

(1967 ജൂലൈ 4-ന് മുമ്പ് നികത്തിയതോ നികന്നതോ ആയ ഭൂമിയുടെ റവന്യൂ രേഖകളിൽ തരം മാറ്റുന്നതിനുള്ള അപേക്ഷ)

1. അപേക്ഷകന്റെ പേരും മേൽവിലാസവും മൊബൈൽ ഫോൺ നമ്പരും :
2. ഭൂമിയുടെ വിശദാംശങ്ങൾ :
   - (i) ജില്ല :
   - (ii) താലൂക്ക് :
   - (iii) വില്ലേജ് :
   - (iv) ബ്ലോക്ക് നമ്പർ :
   - (v) സർവ്വെ നമ്പർ :
   - (vi) സബ് ഡിവിഷൻ നമ്പർ :
   - (vii) വിസ്തീർണ്ണം : ..............ഹെക്ടർ .................ആർ
   - (viii) തണ്ടപ്പേർ നമ്പർ :
3. ഭൂമി നികത്തിയതോ നികന്നതോ ആയ കാലയളവ് :
4. ഹാജരാക്കുന്ന രേഖകളുടെ വിവരം :

മേൽ പ്രസ്താവിച്ച വസ്തുതകൾ എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം ശരിയും സത്യവുമാണെന്ന് ഇതിനാൽ ഞാൻ സത്യപ്രസ്താവന ചെയ്തുകൊള്ളുന്നു.

സ്ഥലം : അപേക്ഷകന്റെ പേര് :

തീയതി : ഒപ്പ് :



## ഫാറം 10

[ചട്ടം 13(5) കാണുക]

### 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ

(വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിച്ച് ഉത്തരവാകുന്ന കേസുകളിൽ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് വില്ലേജാഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്റർ)

ജില്ല : താലൂക്ക് : വില്ലേജ് :

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേരും മേൽവിലാസവും മൊബൈൽ നമ്പരും | സ്വഭാവ വ്യതിയാനം അനുവദിച്ച ഭൂമിയുടെ വിശദാംശങ്ങൾ | | | | | | ജല സംരക്ഷണ നടപടികൾ നടപ്പാക്കിയ ഭൂമിയുടെ വിശദാംശങ്ങൾ | | | | നടപ്പാക്കിയ ജല സംരക്ഷണ നടപടികളുടെ സംക്ഷിപ്ത വിവരണം | സ്ഥലത്തിന്റെ അടിസ്ഥാന നികുതി രജിസ്റ്ററിലും തണ്ടപേരിലും തദ്വാരാ രേഖപ്പെടുത്തലുകൾ വരുത്തിയോ എന്ന വിവരം | വില്ലേജാഫീസറുടെ പേരും പൂർണ്ണ ഒപ്പും | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ജില്ലാ കളക്ടർ/റവന്യൂ ഡിവിഷണൽ ഓഫീസർ/ ഗവൺമെന്റിന്റെ ഉത്തരവിന്റെ നമ്പരും തീയതിയും | തണ്ടപ്പേർ നമ്പർ | ബ്ലോക്ക് നമ്പർ | റീസർവ്വേ/സർവ്വെ നമ്പർ | സബ് ഡിവിഷൻ നമ്പർ | വിസ്തീർണ്ണം | ബ്ലോക്ക് നമ്പർ | റീസർവ്വേ നമ്പർ | സബ് ഡിവിഷൻ. നമ്പർ | വിസ്തീർണ്ണം | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പി. എച്ച്. കുര്യൻ,
*അഡീഷണൽ ചീഫ് സെക്രട്ടറി.*

33 4682 2018 S-11

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിന് (2008-ലെ 28) ഭേദഗതി വരുത്തിക്കൊണ്ട് 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്റ്റ് (2018-ലെ 29) കേരള നിയമസഭ പാസ്സാക്കുകയും 2018 ജൂലൈ 6-ാം തീയതിയിലെ 26798/ലെഗ്.ബി2/2017/നിയമം നമ്പർ വിജ്ഞാപനപ്രകാരം 2018 ജൂലൈ 6-ാം തീയതിയിലെ 1820-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. മേൽപ്പറഞ്ഞ ഭേദഗതി ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

---